മാനന്തവാടി താലൂക്കിലെ വാളാട് പുഴയ്ക്ക് കുറുകെ പാലം

134 (2115) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിലെ വാളാട് പുഴയ്ക്ക് കുറുകെ പാലം പണിയണമെന്ന ആവശ്യം ഉന്നയിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എന്തു നടപടി സ്വീകരിച്ചു ; ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതിന് ആവശ്യമായ തുക ഏതെങ്കിലും ധനകാര്യ ഏജൻസികൾ വഴി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പാലത്തിന്റെ പണി എന്നു തുടങ്ങി എന്ന് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(സി) നബാർഡിൽ നിന്നും ധനസഹായം ലഭിക്കാൻ വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ബഡ്ജറ്റിൽ തുക വകയിരുത്തിയ ശേഷം ടെണ്ടർ ചെയ്യാവുന്നതാണ്.

കുത്താട്ടുകുളം പാലം പുനർനിർമ്മാണം

135 (2116) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.സി. റോഡിൽ കുത്താട്ടുകുളം ടൗണിൽ അപകടസ്ഥിതിയിൽ ആയിരുന്ന പാലം പുനർനിർമ്മാണം എന്നാണ് പൂർത്തിയായത് ;

(ബി) 2000 ജനുവരി 3-ാം തീയതി പഴയപാലം പൊളിച്ച് പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചപ്പോൾ പ്രസ്തുത പാലം നിർമ്മാണത്തിന് ആവശ്യമായ അനുമതി ലഭിച്ചിരുന്നോ ; ഇതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും എന്നാണ് ലഭിച്ചത് ; പ്രസ്തുത അനുമതികളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ നിർമ്മാണവേല ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) 2000 ജനുവരി 3-ന് പ്രസ്തുത പണി ആരംഭിച്ചത് ഏത് വിധേയനാണ് ; ഈ നിർമ്മാണ ജോലിക്ക് കരാറുകൾ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly